നീർത്തടങ്ങളോട് ഒരുതരം ജൈവവ്യവസ്ഥയാണ്. തീരദേശത്തെയും സമുദ്രത്തിലെയും ഉൾനാട്ടിലെയും വിവിധ ആവാസകേന്ദ്രങ്ങള് ഇവിടെ ഒന്നിക്കുന്നു. പ്രളയസമതലങ്ങൾ, ചെളി പ്രദേശങ്ങൾ, ചതുപ്പുകള്, മത്സ്യകുളങ്ങള്, വേലിയേറ്റ മേഖലകള് തുടങ്ങി സ്വാഭാവികവും മനുഷ്യ നിർമ്മിതവുമായ നീർത്തടങ്ങളുണ്ട്. മൃഗങ്ങൾ, വനവിഭവങ്ങള്, ഭക്ഷ്യവസ്തുക്കള്, മത്സ്യസമ്പത്ത് തുടങ്ങിയ പ്രദാനം ചെയ്യുന്നത് ജൈവവൈവിധ്യമാണ്. പുതിയവിളകളുടെ കൃഷി, പുതിയ ഇനം വിത്തുകളുടെ ഉത്പാദനം, നൂതന ജൈവ കീടനാശിനികളുടെ സ്രോതസ്സ് എന്നിവയെല്ലാം ജൈവ വൈവിധ്യത്തിൻറെ സംഭാവനകളാണ്. നിരവധി ഔഷധങ്ങൾ ഉത്പാദിപ്പിക്കുന്നത് നമ്മുടെ സസ്യങ്ങളിൽ നിന്നാണ്. കുടാതെതടി, എണ്ണ, ഭക്ഷ്യധാന്യങ്ങൾ വ്യാവസായിക അസംസ്കൃത വസ്തുക്കള്, സുഗന്ധ ദ്രവ്യങ്ങൾ, അത്തറുകള്, ചായങ്ങള് കടലാസ്, മെഴുക്, റബ്ബർ, കറകള്, പശകള്, കീടനാശിനികൾ, കോർക്ക് തുടങ്ങി നിത്യ ജീവിതത്തിലെ എത്രയോ സാമഗ്രികള് ഇവ മനുഷ്യർക്ക് നൽകുന്നു. വിവിധമേഖലകൾക്കുള്ള സാമ്പത്തിക സ്രോതസ്സ കുടിയാണ് ജൈവ വൈവിധ്യം, പാർക്കുകള്, വനങ്ങള് തുടങ്ങി പ്രകൃതിയുടെ സൗന്ദര്യം ആവാഹിച്ചെടുത്ത് സന്ദർശകരെ ആകർഷിക്കുന്ന സങ്കേതങ്ങള് ജൈവ വൈവിധ്യത്തിൻറെ സംഭാവനയാണ്.

കൊടുമ്പ് ഗ്രാമപഞ്ചായത്ത് പ്രദേശം ഇന്ന് വളരെയധികം വളർച്ച നെടിക്കഴിഞ്ഞു. വൈവൈവിധ്യത്തിന് ഒരു സൗന്ദര്യശാസ്ത്ര മൂല്യമുണ്ട്. പരിസ്ഥിതി വിനോദസഞ്ചാരം, പക്ഷി നിരീക്ഷണം, ഓമനമൃഗങ്ങളെ വളർത്തല്, ഉദ്യാന പരിപാലനം തുടങ്ങിയവ ഉദാഹരണങ്ങള് പ്രകൃതിയിലെ വാതകഘടകങ്ങളുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും വനം, നദികൾ എന്നിവയുടെ പ്രവർത്തനം മൂലം കാലാവസ്ഥയെ നിയന്ത്രിക്കുന്നതിനും, സ്വാഭാവികകീടനിയന്ത്രണങ്ങൾക്കും പക്ഷികളും പ്രാണികളും വഴി സസ്യജാലങ്ങളില് പരാഗണം നടക്കുന്നതിനും മണ്ണിൻറെ രൂപീകരണത്തിനും സംരക്ഷണത്തിനും ജൈവ വൈവിധ്യം അത്യന്താപേക്ഷിതമാണ്

# അദ്ധ്യായം-4

# വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

- **സദ്ഭരണം**

പഞ്ചായത്ത് ഓഫീസിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും വികസന പ്രവർത്തനരീതിമെച്ചപ്പെടുത്തുന്നതിനും സേവനനിലവാരം ഉയർത്തുന്നതിനും ഉയർന്ന പരിഗണനനൽകേണ്ടതാണ്. പുതിയ കാലഘട്ടത്തിലെ ആധുനിക സംവിധാനങ്ങൾ ഇതേകാഴ്ചപ്പാടോടുകൂടി ഗ്രാമപഞ്ചായത്തുകള് ഉപയോഗിക്കേണ്ടതും പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങളുടെ നിലവാരം ഉയർത്തുന്നതിനും അവസമയബന്ധിതമായി തന്നെ പ്രായോഗിക തടസ്സങ്ങൾ ഒഴിവാക്കിക്കൊണ്ട് നൽകേണ്ടതുമാണ്.

**ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള്**

1. നടപ്പാക്കുന്ന പദ്ധതികളുടെ ഗുണനിലവാരം ഉയർത്തുന്നതിനായി കൃത്യമായി പരിശോധനയും ഇടപെടലുകളും ശക്തമായ മോണിറ്ററിംഗ് സംവിധാനത്തിലൂടെ സംഘടിപ്പിക്കണം.
2. പഞ്ചായത്തുകളും അനുബന്ധ സ്ഥാപനങ്ങളും മറ്റ്തലങ്ങളിലേയ്ക്ക് അയക്കേണ്ടതും സൂക്ഷിച്ചു വെക്കേണ്ടതുമായ കണക്കുകള് യഥാസമയം തയ്യാറാക്കി സൂക്ഷിക്കുന്നതിന് നടപടികള് സ്വീകരിക്കേണ്ടതാണ്.
3. ഫ്രണ്ടോഫീസ് സംവിധാനത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് വ്യക്തമായ കാഴ്ചപ്പാട് ഉണ്ടാക്കുന്നതിനുള്ള നടപടികള് സ്വീകരിക്കണം.
4. എല്ലാ സർട്ടിഫിക്കറ്റുകളും ഇൻറർനെറ്റ് വഴി ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.
5. എല്ലാ സ്ഥാപനങ്ങൾക്കും എല്ലാ സർട്ടിഫിക്കേഷന് ലഭിക്കുന്നതിനുള്ള നടപടികള് ഘട്ടംഘട്ടമായി ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.
6. പരാതിപരിഹാര അദാലത്ത് എല്ലാ മാസവും സംഘടിപ്പിച്ച് പ്രാദേശികമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന പ്രവർത്തനം സംഘടിപ്പിക്കണം.
7. ജനങ്ങൾക്ക് ഉപയോഗപ്രദമായ ജനപ്രിയ പദ്ധതികൾക്ക് നേതൃത്വം നൽകാനാകണം
8. പൗരാവകാശരേഖയിലെ ഉള്ളടക്കം ജനങ്ങളിലെത്തിക്കാൻ പ്രചാരം നടത്തണം.
9. അനുബന്ധ സ്ഥാപനങ്ങളും സ്വതന്ത്രമായ പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തണം
10. പി.എച്ച്.സി.,ജി.എ.ഡി., മൃഗാശുപത്രി, അംഗനവാടികൾ എന്നിവിടങ്ങളിലെ ജനകീയ സമിതികള് 3 മാസത്തിലൊരിക്കല് യോഗങ്ങള് നടത്തി പ്രവർത്തനങ്ങള് അവലോകന് ചെയ്യണം.
11. ഗ്രാമവാസികൾ സജീവമാക്കാന് ജനപങ്കാളിത്തം ഉറപ്പാക്കാന് പരിശ്രമിക്കണം.
12. ജീവനക്കാരുടെ സമയക്ലിപ്തതയും, കർമശേഷിയും പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന രീതിയില് അവലോകന യോഗങ്ങളും ക്ലാസ്സുകളും സംഘടിപ്പിക്കണം.
13. എല്ലാ പദ്ധതികളുടെയും സോഷ്യൽ ഓഡിറ്റ് നടത്തുന്നപതിവ് ആരംഭിക്കണം.
14. പഞ്ചായത്ത് പ്രവർത്തനം ജനകീയ ചർച്ചയ്ക്ക് വിധേയമാക്കാനുള്ള പ്രസിദ്ധീകരണങ്ങള് വിപുലമാക്കണം.
15. പുതിയ നികുതി വരുമാന സ്രോതസ്സുകൾ കണ്ടെത്തണം.

16. ധനകാര്യകണക്കുകളുടെ അക്കൗണ്ടിങ്ങ് കാര്യക്ഷമമാക്കണം
17. നൂറുശതമാനം പദ്ധതി ചെലവ് ഉറപ്പുവരുത്തണം.

ഈ പദ്ധതി കാലത്ത് പഞ്ചായത്ത് ഓഫീസിലെയും അനുബന്ധ സ്ഥാപനങ്ങളുടെയും പ്രവർത്തനം സുതാര്യവും ജനോപകാര പ്രദവുമായി മാറാന് ശ്രമം നടത്തേണ്ടതാണ്.

- **പൊതുമരാമത്ത്(ഊർജ്ജവും,വൈദ്യുതി ഉൾപ്പെടെ)**

പുതിയ ടാറിംഗ്, റീടാറിംഗ്, മെറ്റലിംഗ്, കെട്ടിടങ്ങൾ, പാലങ്ങള്, കലുങ്കുകള്, ഡ്രൈനേജ്, വയറിംഗ്, തെരവ് വിളക്ക് സ്ഥാപിക്കൽ എന്നിവ ഫണ്ടിൻറെ ലഭ്യതക്കനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

- ## ആരോഗ്യം

വൃദ്ധജനങ്ങളുടെ ആരോഗ്യ സംരക്ഷണം, ശിശുക്കളുടെ ആരോഗ്യം, കിടപ്പിലായ രോഗികൾക്ക് പരിചരണവും, സഹായവും ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കൽ, മാലിന്യം ഉറവിടത്തില് തന്നെ സംസ്കരിക്കാൻ ഉതകുന്ന പദ്ധതികള്, ജീവിതശൈലീരോഗനിയന്ത്രണ പരിപാടികള്, പകർച്ചവ്യാധി നിയന്ത്രണം, മരുന്നുകളുടെ ലഭ്യത ഉറപ്പാക്കൽ തുടങ്ങിയ പദ്ധതികള് കാര്യക്ഷമമായി നടപ്പിലാക്കുകയാണെങ്കിൽ ആരോഗ്യ മേഖലയുള്ള വികസനം ഉറപ്പാക്കാം.

- വിദ്യാഭ്യാസം, സംസ്കാരം,കല, കായിക വികസനം, യുവജനകാര്യം വർക്കിംഗ് ഗ്രൂപ്പ്

| വിദ്യാഭ്യാസം |
|---|
| ജി എൽ പി എസ് തിരുവാലത്തൂർ സ്കൂളിലേക്ക് യാത്ര സൗകര്യത്തിന് മിനി വാഹന സൗകര്യം |
| ഏക സർക്കാർ വിദ്യാലയമായ ഈ സ്കൂളിലേക്ക് പ്രീ പ്രൈമറി അധ്യാപകനെ നിയമിച്ച് പ്രീപ്രൈമറിക്ക് അംഗീകാരം നൽകുക |
| എല്ലാ കുട്ടികൾക്കും മേശ കസേര തുടങ്ങിയ പഠനോപകരണങ്ങൾ വിതരണം ചെയ്യുക |
| സ്കൂൾ ഗ്രൗണ്ടിന് സ്ഥലം കണ്ടെത്തി ഗ്രൗണ്ട് നിർമ്മാണം നടത്തുക |
| ജി എൽ പി എസ് തിരുവാലത്തൂരിൽ എല്ലാ കുട്ടികൾക്കും പ്രഭാത ഭക്ഷണം |
| ജിഎൽപിഎസ് തിരുവാലത്തൂരിൽ ഒരു ക്ലാസ് റൂമിന്റെ അപര്യാപ്തതയുണ്ട് അതിനുള്ള പരിഹാരം |
| ചുറ്റമതിൽ നിർമ്മാണം പൂർത്തീകരിക്കൽ |
| ക്ലാസ് റൂമിലേക്കുള്ള ബെഞ്ച് ഡെസ്ക് |
| ഗേറ്റ് പുനർനിർമാണം |
| യോഗ പരിശീലനം |
| കായിക പരിശീലനത്തിനായി ഒരു സെന്റർ കേന്ദ്രീകരിച്ച് പഞ്ചായത്തിലെ എല്ലാ കുട്ടികൾക്കും പരിശീലനം |

| |
|---|
| കരാട്ടെ ജനറൽനോളജ് ട്യൂഷൻ എന്നിവയ്ക്ക് ഒരു സെന്റർ കേന്ദ്രീകരിച്ച് പരിശീലനം |
| എസ്എസ്എൽസി പ്ലസ് ടു വിദ്യാർത്ഥികൾക്ക് നൈറ്റ് ക്ലാസിന് സ്നാക്സ് നൽകുക |

- ## പട്ടികജാതി വികസനം

ഈ മേഖലയിൽ നിലനിൽക്കുന്ന മുഖ്യ പ്രശ്നങ്ങളായ പാർപ്പിട നിർമ്മാണം, പാർപ്പിട പുനരുദ്ധാരണം, പരിസര ശുചിത്വം, കുടിവെള്ള സൗകര്യം ലഭ്യമാക്കൽ, ഗതാഗത സൗകര്യം, തൊഴിൽ ലഭ്യത, കൂടുതൽ തൊഴിൽഅവസരങ്ങള് ലഭ്യമാക്കല് എന്നിവ നടപ്പിലാക്കാന് കഴിഞ്ഞാല് ഈ മേഖലയില പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാന് സാധിക്കും.

- ## പ്രദാശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം)

പരമ്പരാഗത ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണവും പുതിയ തൊഴിൽ സാദ്ധ്യതകളെ കണ്ടെത്തി പുതിയ തൊഴിൽ യൂണിറ്റുകള്, കാർഷിക മേഖലയുമായി ബന്ധപ്പെട്ട സംരംഭക യൂണിറ്റുകള് എന്നിവയും വിവിധ വകുപ്പുകളുമായി ബന്ധപ്പെടുത്തി ആരംഭിക്കാവുന്നതാണ്.

- ## ദാരിദ്ര്യ ലഘൂകരണം

ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം തൊഴിൽ സംരംഭങ്ങളുടെ ആരംഭം, തൊഴിൽ ദിനങ്ങള് ലഭ്യമാക്കുന്നതിലൂടെ എം.ജി.എൻ.ആർ.ജി.എസിൻറെ പ്രവർത്തനം, പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങള് ആശ്രയ പദ്ധതികളുടെ രണ്ടാംഘട്ടം തുടങ്ങിയവ കാര്യക്ഷമമായി നടപ്പിലാക്കിയാൽ ദാരിദ്ര്യ ലഘൂകരണത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും.

- ## കുടിവെള്ളം, ശുചിത്വം

| |
|---|
| 16 വാർഡ് കല്ലിങ്കൽ ഗംഗാനഗർ പുതിയ കുടിവെള്ള പദ്ധതി |
| 9 വാർഡ് കിഴക്കേ പാവൊടി കുടിവെള്ള പദ്ധതിയിലെ എസി പൈപ്പ് മാറ്റി ജി ഐ പൈപ്പ് സ്ഥാപിക്കൽ |
| കല്ലംപ്പൊറ്റ കോളനി ജൽ ജീവൻ മിഷൻ പൈപ്പ് ലൈൻ കണക്ഷൻ |
| കണക്ക് വളപ്പ് കുടിവെള്ള പദ്ധതിക്ക് ടാങ്ക് |
| പതിമൂന്നാം വാർഡ് കോട്ടാനി ഭാഗത്ത് പുതിയ ടാങ്ക് നിർമ്മാണം |
| വാർഡ് 8 മിഥുനംപള്ളം മോട്ടോർ ഷെഡ് സ്ഥാപിക്കല് |
| വാർഡ് 6 ഊറപ്പാടം പുതിയ ടാങ്ക് നിർമ്മാണം |
| വാർഡ് 6 ചേപ്പിലത്തിട്ട ടാങ്ക് ഗാർഡും നിർമ്മാണവും |
| നെല്ലിക്കാട് പുതിയ മോട്ടർ സ്ഥാപിക്കൽ |
| ആർ കെ നഗർ പൈപ്പ് കണക്ഷനും പൈപ്പ് ലൈൻ നീട്ടലും |
| കാരക്കാട് വിവിധഭാഗത്ത് കുടിവെള്ള കണക്ഷൻ |
| വാർഡ് നാല് മുഴുവൻ പൊതു കിണറുകളും ശുചീകരണം നടത്തി ഉപയോഗം ആക്കണം |

| |
|---|
| ഉദയപാടം സ്വാശ്രയ കടിവെള്ള പദ്ധതി പഞ്ചായത്ത് ഇടപെട്ട് യുദ്ധകാലടിസ്ഥാനം നവീകരണം |

- **സാമൂഹ്യനീതി (ഭിന്നശേഷി, വയോജനങ്ങൾ മുതലായവ)**

| |
|---|
| കുടുംബശ്രീ വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം |
| വനിതകൾക്ക് കരാട്ടെ യോഗ പരിശീലനം |
| ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ഓരോ മാസംതോറും അംഗൻവാടികളിൽ കൗൺസിലിംഗ് മാതാപിതാക്കൾക്കും കൗമാര കുട്ടികൾക്കും |
| വയോജനങ്ങൾക്ക് പകൽവീട് (ഭക്ഷണമുൾപ്പെടെ) |
| വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾക്ക് വേണ്ടി പ്രത്യേക കെട്ടിടം |
| കുടുംബശ്രീ എഡിഎസ് യോഗം കൂടാൻ ഓരോ വാർഡിലും ഓഫീസ് |
| ബാലസഭകൾക്ക് വിവിധതരം പരിശീലനത്തിനുള്ള ഫണ്ട് (ക്രിക്കറ്റ് ഫുട്ബോൾ കരാട്ടെ.....) |
| കുടുംബശ്രീ ഓഫീസിലേക്ക് ഫിൽട്ടർ സംവിധാനം |
| കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിങ് ഫണ്ട് |
| വനിതകൾക്ക് കലാകായിക പരിശീലനം |
| ഷീപാഡ് വനിതകൾക്കും പെൺകുട്ടികൾക്കും സാനിറ്ററി പാട്ടുകൾ സംസ്കരിക്കാനുള്ള സൗകര്യം ഉറപ്പാക്കുക |
| വനിതാ മിത്ര കേന്ദ്രം ജോലിചെയ്യുന്ന സ്ത്രീകൾക്കും യാത്ര ചെയ്യുന്ന വനിതകൾക്കും കുറഞ്ഞ ചെലവിൽ താമസിക്കാനുള്ള ഹോസ്റ്റൽ സൗകര്യം |
| ചേമ്പാടം അംഗൻവാടിയിൽ സാംസ്കാരിക നിലയം |
| ഇരട്ടയാല അംഗൻവാടി കെട്ടിടം |
| ജനറൽ വിഭാഗത്തിലുള്ള കുട്ടികൾക്ക് ലാപ്ടോപ്പ് പഠനമുറയും |
| ഭിന്നശേഷി സ്കോളർഷിപ്പ് കലാമേള വീൽചെയർ ശ്രവണസഹായി |
| മഹിളാ മന്ദിരം ആരുമില്ലാത്ത വനിതകൾക്കും വിധവകൾക്കും താമസിക്കാനുള്ള സൗകര്യം |
| കൗമാര കുട്ടികൾക്ക് മാസത്തിൽ ഒരു തവണ അവയർനസ് ക്ലാസ് നിർബന്ധമാക്കണം |

- **ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം**

ജൈവ വൈവിദ്ധ്യം രജിസ്റ്റര് തയ്യാറാക്കുന്നതിന് കൊടുമ്പ് ഗ്രാമപഞ്ചായത്ത് തുക വകയിരുത്തി രജിസ്റ്റര് തയ്യാറാക്കിയിട്ടുണ്ട്. ജൈവ വൈവിദ്ധ്യ മാനേജ്മെൻറ് കമ്മിറ്റിയുടെ പ്രവർത്തനം മികച്ച രീതിയിൽ നടന്നു വരുന്നു.

- **പൊതുഭരണവും ധനകാര്യവും**

1. 2027 മാർച്ച് മാസത്തിനു മുൻപ് സർക്കാര് നിർദ്ദേശങ്ങള് അനുസൃതമായി ചെലവുകള് നടത്തുന്നതിനു വേണ്ട നടപടികൾ ഭരണസമിതി പ്രതേകം ശ്രദ്ധ ചെലുത്തേണ്ടതാണ്
2. പഞ്ചായത്തിൻറെ ചെലവു ശതമാനം 40% ശതമാനത്തിനു ഡതാഴെയാണെന്നുള്ളതു കൊണ്ട്. പദ്ധതികളുടെ ബഹുഭൂരിപക്ഷം എ.ഈ നിർവഹണ നടത്തുന്നതിനാല് അത്തരം

പ്രവർത്തകർക്ക് അടിയന്തര പ്രധാന്യം നൽകി പൂർത്തികരിക്കുന്നതിന് നിർദ്ദേശങ്ങള് അയക്കേണ്ടതാണ്

3. 2026-2027 വർഷത്തെ പ്രവർത്തികള് ഏറ്റെടക്കുമ്പോള് സമയക്രമങ്ങള് കർശനമായി പാലിക്കുന്നതിനും നടപ്പിലാക്കുവാൻ കഴിയുന്ന പ്രവർത്തികള് മാത്രം ഏറ്റെടുക്കുന്നതിന് പ്രതേകം ശ്രദ്ധിക്കേണ്ടതുമാണ്.
4. പഞ്ചായത്തിൻറെ പൊതുവെയുള്ള പ്രവർത്തനങ്ങള് കാര്യക്ഷമതയോടെ നടക്കുന്നുണ്ട്. എന്നിരുന്നാലും വരും ദിവസങ്ങളിൽ കൂടുതല് ജനക്ഷേമ പ്രവർത്തനങ്ങൾക്ക് ഊന്നല് നൽകുന്ന പ്രവർത്തികള് ഏറ്റെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## • മൃഗസംരക്ഷണം,ക്ഷീരവികസനവും

| |
|---|
| ഗുണഭോക്താവിന് പശു വളർത്തൽ പരിശീലനം നൽകുക |
| ഒരു ഗുണഭോക്താവിന് പശു വളർത്തൽ കൊടുക്കുമ്പോൾ മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ആയിരിക്കണം |
| മിനിമം മൂന്നുമാസം കൂടുമ്പോൾ മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ചെയ്യുവാനുള്ള സംവിധാനം |
| കറവപ്പശുക്കൾക്ക് കാലിത്തീറ്റ 50 ശതമാനം സബ്സിഡിയോട്ടുകൂടി വിതരണം ചെയ്യുവാനുള്ള സംവിധാനം |
| ക്ഷീര സംഘടനകൾക്ക് മുൻഗണന നൽകുക |
| പാൽ സൊസൈറ്റിയിൽ നൽകുമ്പോൾ അതിന്റെ ഇൻസെന്റീവ് വർദ്ധിപ്പിക്കണം |
| ആട്ടിൻകൂട് വിതരണം മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ആയിരിക്കണം |
| കന്നുകാലികൾക്ക് അപകടസംഭവിച്ചാൽ നഷ്ടപരിഹാരം തുക |
| അടുക്കളമുറ്റത്ത് കോഴി വളർത്തൽ വനിത |
| വെറ്റിനറി ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| വെറ്റിനറി ഡിസ്പെൻസറിക്ക് വാഹനം അനുവദിക്കല് |
| തെരുവ് നായകളുടെ ശല്യം കുറയക്കാൻ പരിഹാരം കാണണം |
| ക്ഷീര കർഷകർക്ക് ധാതു ലവണം വിരമരുന്ന് കിറ്റ് നൽകൽ |
| പോത്തുകുട്ടി വളർത്തൽ |
| വെറ്റിനറി ഡിസ്പെൻസറിയുടെ ഓഫീസ് ചെലവുകള് |
| കറവയന്ത്രം സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് നൽകണം |
| ആട്ടുവളർത്തൽ സബ്സിഡി യോട് കൂടി നടത്തണം |
| കാലിതൊഴുത്ത് നിർമ്മാണം സാമ്പത്തിക സഹായം സബ്സിഡിയോട് കൂടി നൽകുക |

## അദ്ധ്യായം-5

## വിഭവസ്രോതസ്സുകളും വകയിരുത്തലുകളും

| ക്രമ നം | വിഭവസ്രോതസ്സുകൾ | | ലഭ്യമായ തുക |
|---|---|---|---|
| 1 | വികസനഫണ്ട് | 1.പൊതു | 26827000 |
| | | ഉൽപാദനം | 5365400 |
| | | സേവനം | 9094450 |
| | | പശ്ചാത്തലം | 2977700 |
| | | 2.പട്ടികജാതി ഉപപദ്ധതി | 13852000 |
| | | ഉൽപാദനം | 4155600 |
| | | സേവനം | 5540800 |
| | | പശ്ചാത്തലം | 2770400 |
| | | 3.പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാൻറ്(അടിസ്ഥാന വിഹിതം) | 328910 |
| | | 4.പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാൻറ് (പ്രത്യേക ഉദ്ദേശ ഗ്രാൻറ്) | 10346015 |
| 2 | മെയിൻറനൻസ് ഫണ്ട് | 1.റോഡിതരം | 3529000 |
| | | 2.റോഡ് | 18695000 |
| 3 | മറ്റുള്ള ഫണ്ട് വിവരങ്ങൾ | 1.തനത് ഫണ്ട് | 5000000 |
| | | 2.സംസ്ഥാനാവിഷ്കൃതം | 5000000 |
| | | 3.കേന്ദ്രാവിഷ്കൃതം | 5000000 |

# അദ്ധ്യായം-6

## 2026-2027 പ്രോജ്കടകളും അവയുടെ വിശദാംശങ്ങളും

PROJECT LIST 2026-27

| SL NO | Project No | Project Name Mal | Impl Code | Project Type | Fund Description | FundTotal |
|---|---|---|---|---|---|---|
| 1 | 2 | പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് | SEC (GP) | New | Development Fund(General) - 325000 | 325000 |
| 2 | 3 | ഐ കെ എം വിഹിതം നൽകല് | SEC (GP) | New | Development Fund(General) - 130000 | 130000 |
| 3 | 4 | പ്രൊജക്റ്റ് അസിസ്റ്റൻറിന് വേതനം നൽകല് | SEC (GP) | New | Own Fund - 300000 | 300000 |
| 4 | 5 | തെരുവ് നായികളുടെ പ്രജനന നിയന്ത്രണ പരിപാടി ജില്ലാ പഞ്ചായത്തിന് തുക നൽകല് | SEC (GP) | New | Development Fund(General) - 350000 | 350000 |
| 5 | 6 | പഞ്ചായത്ത് ഓഫിസലിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപണി കരാർ | SEC (GP) | New | Own Fund - 50000 | 50000 |
| 6 | 7 | അക്കൌണ്ടൻറ് കം ഐടി എക്സ്പേർട്ടമാരുടെ വേതനം അനുവദിക്കുന്നത് | SEC (GP) | New | Development Fund(General) - 20000 | 20000 |

| | | | | | | |
|---|---|---|---|---|---|---|
| 7 | 8 | പഞ്ചായത്ത് ഓഫീസ് ജനറേറ്റർ എ എം സി | SEC (GP) | New | Own Fund - 200000 | 200000 |
| 8 | 9 | പൊതുസ്ഥലങ്ങളിൽ ഇൻഫോർമേഷന് ബോർഡ് സ്ഥാപിക്കൽ | SEC (GP) | New | Own Fund - 100000 | 100000 |
| 9 | 10 | സ്ട്രീറ്റ് മൈൻ വലിക്കുന്നതിന് കെ എസ് ഇ ബി ഡെപ്പോസിറ്റ് ചെയ്യുന്ന പ്രവർത്തി | SEC (GP) | New | Development Fund(General) - 2200000 | 2200000 |
| 10 | 11 | തെരുവ് വിളക്ക് പരിപാലനം | SEC (GP) | New | Own Fund - 800000 | 800000 |
| 11 | 12 | ഐഎസ്ഒ പുതുക്കൽ അനുബന്ധ സജ്ജീകരണങ്ങൾ ഒരുക്കൽ | SEC (GP) | New | Own Fund - 100000 | 100000 |
| 12 | 13 | ആശ്രയ ആതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് യൂസർ ഫീ ഇളവ് നൽകിയിട്ടുള്ള വീടുകൾക്കുള്ള തുക ഹരിതകർമ്മ സേനയ്ക്ക് നൽകല് | SEC (GP) | New | Own Fund - 70000 | 70000 |
| 13 | 14 | പൊതുസ്ഥലങ്ങളിൽ സിസിടിവി സ്ഥാപിക്കൽ | SEC (GP) | New | Own Fund - 100000 , Receipts from other LSG's (District Panchayat) - 700000 | 800000 |
| 14 | 15 | ഭാരതപുഴ പുനരുജ്ജീവനം | SEC (GP) | New | Development Fund(General) - 100000 | 100000 |

| | | | | | | |
|---|---|---|---|---|---|---|
| 15 | 16 | പഞ്ചായത്ത് ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങലും മറ്റ് അനുബന്ധ സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ | SEC (GP) | New | Development Fund(General) - 100000 | 100000 |
| 16 | 17 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിൻററും മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങല് | SEC (GP) | New | Own Fund - 200000 | 200000 |
| 17 | 18 | കേരളോത്സവം | SEC (GP) | New | Own Fund - 150000 | 150000 |
| 18 | 19 | ദുരന്ത നിവാരണ പ്രവർത്തനങ്ങള് | SEC (GP) | New | Own Fund - 500000 | 500000 |
| 19 | 20 | പഞ്ചായത്ത് വാഹനം-ബോലെറോ അറ്റകുറ്റപണി | SEC (GP) | New | Own Fund - 200000 | 200000 |
| 20 | 21 | ടെക്നിക്കൽ അസിസ്റ്റൻറിന് വേതനം നൽകല് | SEC (GP) | New | Own Fund - 420000 | 420000 |
| 21 | 22 | മാലിന്യ മുക്തം നവകേരളം ക്യാമ്പയനുമായി ബന്ധപ്പെട്ട ചെലവുകളും സൌന്ദര്യവൽകരണവും | As SEC (GP) | New | Development Fund(General) - 100000 | 100000 |
| 22 | 23 | ഹോമിയോ ഡിസ്പെൻസറി ഓഫീസ് ചെലവുകൾ | MO (HOM) | New | Maintenance Fund - Non-road Assets - 50000 | 50000 |

| | | | | | | |
|---|---|---|---|---|---|---|
| 23 | 24 | ഹോമിയോ ഡിസ്പെൻസറി മരുന്ന വാങ്ങൽ | MO (HOM) | New | Maintenance Fund - Non-road Assets - 500000 | 500000 |
| 24 | 25 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് | As SEC (GP) | New | Development Fund(S.C.P) - 600000 , Receipts from other LSG's (Block Panchayats) - 500000 | 1100000 |
| 25 | 26 | അജൈവമാലിന്യങ്ങൾ ക്ലീൻ കേരള കമ്പിനിയക്ക് കൈമാറ്റുന്നതിന് തുക കൈമാറൽ | As SEC (GP) | New | Development Fund(General) - 100000 , Own Fund - 35000 | 135000 |
| 26 | 27 | വിവാഹധനസഹായം-എസ്സ്സി | As SEC (GP) | New | Development Fund(S.C.P) - 1000000 | 1000000 |
| 27 | 28 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | As SEC (GP) | New | Development Fund(S.C.P) - 800000 , Receipts from other LSG's (Block Panchayats) - 600000 | 1400000 |
| 28 | 29 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് | As SEC (GP) | New | Development Fund(S.C.P) - 495000 , Beneficiary Contribution/Donations (Remitted to the Panchayat) - 165000 | 660000 |
| 29 | 31 | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ബോട്ടിൽ ബൂത്ത് | As SEC (GP) | New | Development Fund(General) - 100000 | 100000 |
| 30 | 32 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | As SEC (GP) | New | Development Fund(S.C.P) - 600000 | 600000 |

| | | | | | | |
|---|---|---|---|---|---|---|
| 31 | 33 | അതിദരിദ്ര്യ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങൽ എസ് സി | As SEC (GP) | New | Development Fund(S.C.P) - 975000 | 975000 |
| 32 | 34 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | MO (AYU) | New | Maintenance Fund - Non-road Assets - 350000 | 350000 |
| 33 | 35 | എസ് എസ് കെ വിഹിതം നൽകല് | HM(GLPS) | New | Development Fund(General) - 500000 | 500000 |
| 34 | 36 | ഗവ ആയുർവേദ ഡിസ്പെൻസറിയിലെ ആവർത്തന ചിലവുകൾ | MO (AYU) | New | Maintenance Fund - Non-road Assets - 35000 | 35000 |
| 35 | 37 | ഓഫീസ് അനുബന്ധ ചിലവ് - അസിസ്റ്റൻറ് എഞ്ചിനീയര് | AE(LSGD) | New | Development Fund(General) - 80000 | 80000 |
| 36 | 38 | അസിസ്റ്റൻറ് എഞ്ചിനീയർക്ക് വാഹന സൌകര്യം ഏർപ്പെടുകത്തല് | AE(LSGD) | New | Development Fund(General) - 420000 | 420000 |
| 37 | 39 | എഞ്ചിനീയറിംഗ് വിഭാഗത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ക്ലർക്ക് സാലറി | AE(LSGD) | New | Own Fund - 250000 | 250000 |
| 38 | 40 | വിവിധ ഗുണഭോക്തൃ സമിതി മിനി കുടിവെള്ള പദ്ധതികളുടെ മെയിൻറനൻസ് 2026-2027 | AE(LSGD) | New | Development Fund(General) - 500000 | 500000 |

| | | | | | | |
|---|---|---|---|---|---|---|
| 39 | 41 | കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതികളുടെ മെയിൻറനൻസ് 2026-2027 | AE(LSGD) | New | Development Fund(General) - 500000 | 500000 |
| 40 | 42 | ഓലശ്ശേരി സബ് സെൻററ് കെട്ടിട നിർമ്മാണം പൂർത്തീകരണവും ചുറ്റുമതിൽ നിർമ്മാണവും | AE(LSGD) | New | Development Fund(General) - 200000 , Maintenance Fund - Non-road Assets - 858000 | 1058000 |
| 41 | 43 | എസ് എസ് കെ വിഹിതം നൽകല് എസ് സി | HM(GLPS) | New | Development Fund(S.C.P) - 500000 | 500000 |
| 42 | 44 | പട്ടികജാതി സ്കൂൾ കുട്ടികൾക്ക് മേശ കസേര വാങ്ങി നൽകല് | HM(GLPS) | New | Development Fund(S.C.P) - 300000 | 300000 |
| 43 | 45 | ജി എൽ പി സ്കൂള് കുട്ടികൾക്ക് പ്രഭാത ഭക്ഷണം എസ് സി | HM(GLPS) | New | Development Fund(S.C.P) - 150000 | 150000 |
| 44 | 46 | ലൈഫ് ഭവന നിർമ്മാണം ജനറൽ | VEO/LVEO | New | Development Fund(General) - 4515400 , State Sponsored Scheme Fund - 10000000 , Loans from Financial Institutions - 15000000 , Receipts from other LSG's (Block Panchayats) - 3000000 , Receipts from other LSG's (District Panchayat) - 3000000 | 35515400 |
| 45 | 47 | സ്കൂൾ ഓഫീസ് ആവശ്യങ്ങൾക്ക് തുക ചിലവഴിക്കൽ | HM(GLPS) | New | Maintenance Fund - Non-road Assets - 100000 | 100000 |
| 46 | 48 | കൃഷി ഓഫീസ് ആവശ്യങ്ങൾക്ക് തുക ചിലവഴിക്കൽ | AO | New | Maintenance Fund - Non-road Assets - 80000 | 80000 |

| | | | | | | |
|---|---|---|---|---|---|---|
| 47 | 49 | കുട്ടികൾക്ക് യോഗ പരിശീലനം | HM(GLPS) | New | Development Fund(General) - 50000 | 50000 |
| 48 | 50 | കുട്ടികൾക്ക് ചെസ്സ് പരിശീലനം | HM(GLPS) | New | Development Fund(General) - 50000 | 50000 |
| 49 | 51 | സ്ഥിരം കൃഷി ധനസഹായം | AO | New | Development Fund(General) - 4500000 , Beneficiary Contribution (Direct Expenditure) - 155000 , Receipts from other LSG's (Block Panchayats) - 3100000 , Receipts from other LSG's (District Panchayat) - 3100000 | 10855000 |
| 50 | 52 | സ്കൂൾ കുട്ടികൾക്ക് കലാപരിശീലനം | HM(GLPS) | New | Development Fund(General) - 200000 | 200000 |
| 51 | 53 | ജി എൽ പി എസ് സ്കൂള് കുട്ടികൾക്ക് പ്രഭാത ഭക്ഷണം ജനറൽ | HM(GLPS) | New | Development Fund(General) - 105680 | 105680 |
| 52 | 54 | നീന്തൽ പരിശീലനം | HM(GLPS) | New | Development Fund(General) - 50000 , Receipts from other LSG's (Block Panchayats) - 50000 , Receipts from other LSG's (District Panchayat) - 100000 | 200000 |

| | | | | | | |
|---|---|---|---|---|---|---|
| 53 | 55 | വീട്ടുവളപ്പിൽ പച്ചക്കറി കൃഷി മൺചട്ടി വിതരണം | AO | New | Development Fund(General) - 187500 , Beneficiary Contribution/Donations (Remitted to the Panchayat) - 62500 | 250000 |
| 54 | 56 | ലൈഫ് ഭവന നിർമ്മാണം എസ് സി | VEO/LVEO | New | Development Fund(S.C.P) - 2870400 , State Sponsored Scheme Fund - 5000000 , Loans from Financial Institutions - 5000000 , Receipts from other LSG's (Block Panchayats) - 2000000 , Receipts from other LSG's (District Panchayat) - 2000000 | 16870400 |
| 55 | 57 | അതിരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വീടിനായി സ്ഥലം വാങ്ങൽ ജനറൽ | VEO/LVEO | New | Development Fund(General) - 1000000 | 1000000 |
| 56 | 58 | വി ഇ ഒ ഓഫീസിലെ ദൈനംദിന പ്രവർത്തനത്തിനും ഫർണിച്ചര് സാധനസാമഗ്രികൾ വാങ്ങുന്നതിനും | VEO/LVEO | New | Maintenance Fund - Non-road Assets - 50000 | 50000 |
| 57 | 59 | മാലിന്യ മുക്ത നവകേരളം ക്യാമ്പയിൻ ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ വാങ്ങി നൽകൽ | VEO/LVEO | New | Beneficiary Contribution/Donations (Remitted to the Panchayat) - 28500 , Receipts from other LSG's (District Panchayat) - 256500 | 285000 |
| 58 | 60 | പി എം എ വൈ ജനറൽ | VEO/LVEO | New | Development Fund(General) - 500000 | 500000 |

| | | | | | | |
|---|---|---|---|---|---|---|
| 59 | 61 | വിദ്യാർത്ഥികൾക്ക് കായിക പരിശീലനം | HM(GLPS) | New | Development Fund(General) - 100000 , Receipts from other LSG's (Block Panchayats) - 100000 , Receipts from other LSG's (District Panchayat) - 200000 | 400000 |
| 60 | 62 | പി എം എ വൈ അധികവിഹിതം എസ്സ് സി | VEO/LVEO | New | Development Fund(S.C.P) - 100000 | 100000 |
| 61 | 63 | ഹരിതകർമ്മ സേനയ്ക്ക് സാധന സാമഗ്രികൾ വാങ്ങൽ | VEO/LVEO | New | Receipts from other LSG's (District Panchayat) - 50000 | 50000 |
| 62 | 64 | ഭവന പുനരുദ്ധാരണം ജനറൽ | VEO/LVEO | New | Development Fund(General) - 850000 | 850000 |
| 63 | 65 | ടോയ്ലറ്റ് നിർമ്മാണം | VEO/LVEO | New | Centrally Sponsored Scheme Fund - 600000 , Receipts from other LSG's (District Panchayat) - 400000 | 1000000 |
| 64 | 66 | ഫലവൃക്ഷതൈ വിതരണം ജനറൽ | AO | New | Development Fund(General) - 100000 , Beneficiary Contribution/Donations (Remitted to the Panchayat) - 33335 | 133335 |
| 65 | 67 | കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പച്ചക്കറി തൈ വിതരണം | AO | New | Development Fund(General) - 100000 | 100000 |

| | | | | | | |
|---|---|---|---|---|---|---|
| 66 | 68 | വിള ആരോഗ്യ പരിപാലനം കേന്ദ്രത്തിൻറെ സേവനം വിപുലപ്പെടുത്തൽ | AO | New | Development Fund(General) - 100000 | 100000 |
| 67 | 69 | കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ പ്രിൻറര് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | AO | New | Maintenance Fund - Non-road Assets - 100000 | 100000 |
| 68 | 72 | അസിസ്റ്റൻറ് എഞ്ചിനീയറുടെ ഓഫീസിലേക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | AE(LSGD) | New | Own Fund - 50000 | 50000 |
| 69 | 73 | കാടാങ്കോട് എ കെ ജി നഗർ റോഡ് പുനരുദ്ധാരണം | AE(LSGD) | New | Maintenance Fund - Road Assets - 500000 | 500000 |
| 70 | 74 | കോൽക്കാട് പുളിയങ്കാവ് റോഡ് പുനരുദ്ധാരണം | AE(LSGD) | New | Maintenance Fund - Road Assets - 700000 | 700000 |
| 71 | 75 | ഉദയപ്പാടം കരിങ്കരപ്പുള്ളി റോഡ് പുനരുദ്ധാരണം | AE(LSGD) | New | Maintenance Fund - Road Assets - 400000 | 400000 |
| 72 | 76 | എ കെ ജി നഗർ റോഡ് പുനരുദ്ധാരണം | AE(LSGD) | New | Maintenance Fund - Road Assets - 500000 | 500000 |
| 73 | 77 | ലാൻറ് ലിങ്ക്സ് കോളനി റോഡ് പുനരുദ്ധാരണം | AE(LSGD) | New | Maintenance Fund - Road Assets - 800000 | 800000 |

| | | | | | | |
|---|---|---|---|---|---|---|
| 74 | 78 | കാരക്കാട് ശാന്തി കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തല് | AE(LSGD) | New | Maintenance Fund - Road Assets - 1000000 | 1000000 |
| 75 | 79 | വലിയകാട് റോഡ് പുനരുദ്ധാരണം | AE(LSGD) | New | Maintenance Fund - Road Assets - 600000 | 600000 |
| 76 | 80 | കോറങ്കാട് കനാൽബണ്ട് റോഡ് പുനരുദ്ധാരണം | AE(LSGD) | New | Maintenance Fund - Road Assets - 600000 | 600000 |
| 77 | 81 | റിവർ വ്യൂ കോളനി റോഡ് പുനരുദ്ധാരണം | AE(LSGD) | New | Own Fund - 400000 | 400000 |
| 78 | 82 | കണ്ണംകുടം റോഡ് പുനരുദ്ധാരണം | AE(LSGD) | New | Maintenance Fund - Road Assets - 400000 | 400000 |
| 79 | 83 | താക്കുറുശ്ശി കോഴിപ്പറമ്പ് റോഡ് പുനരുദ്ധാരണം | AE(LSGD) | New | Maintenance Fund - Road Assets - 600000 | 600000 |
| 80 | 84 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി ജനറൽ | DFI | New | Development Fund(General) - 250000 , Receipts from other LSG's (Block Panchayats) - 30000 , Receipts from other LSG's (District Panchayat) - 30000 | 310000 |
| 81 | 85 | സാന്ത്വന പരിചരണം | MO (PHC)/(MO) CHC | New | Development Fund(General) - 900000 , Receipts from other LSG's (District Panchayat) - 500000 | 1400000 |

| | | | | | | |
|---|---|---|---|---|---|---|
| 82 | 86 | ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി എസ്സി | DFI | New | Development Fund(S.C.P) - 100000 | 100000 |
| 83 | 87 | അഗതിരഹിത കേരളം ആശ്രയ | As SEC (GP) | New | Development Fund(General) - 200000 , Receipts from other LSG's (Block Panchayats) - 200000 , Receipts from other LSG's (District Panchayat) - 500000 | 900000 |
| 84 | 88 | എഫ്എച്ച്സി ഓഫീസ് കണ്ടിജൻറ് ചെലവുകള് | MO (PHC)/(MO) CHC | New | Maintenance Fund - Non-road Assets - 200000 | 200000 |
| 85 | 89 | വെറ്ററിനറി ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | VETS | New | Maintenance Fund - Non-road Assets - 200000 | 200000 |
| 86 | 90 | പ്രതിരോധ കുത്തിവെപ്പ് പരിപാടിയുടെ വാഹന വാടക | MO (PHC)/(MO) CHC | New | Maintenance Fund - Non-road Assets - 50000 | 50000 |
| 87 | 91 | സമഗ്ര ആരോഗ്യ പരിരക്ഷ പ്രവർത്തനങ്ങള് | MO (PHC)/(MO) CHC | New | Development Fund(General) - 250000 | 250000 |
| 88 | 92 | എഫ് എച്ച് സി ലാബ് ടെക്നീഷൻ സാലറി | MO (PHC)/(MO) CHC | New | Development Fund(General) - 300000 | 300000 |
| 89 | 93 | ലാബ് റീയേജൻറ് | MO (PHC)/(MO) CHC | New | Maintenance Fund - Non-road Assets - 100000 | 100000 |

| | | | | | | |
|---|---|---|---|---|---|---|
| 90 | 94 | നൈപുണ്യ വികസനം- കുടുംബശ്രീ വനിതകൾക്ക് തൊഴിൽ പരിശീലനം | As SEC (GP) | New | Development Fund(General) - 100000 | 100000 |
| 91 | 95 | പകർച്ചവ്യാധി പ്രതിരോധ ഡിആൻറ്ഒ ഇൻസ്പെക്ഷന് വാഹനവാടക | MO (PHC)/(MO) CHC | New | Maintenance Fund - Non-road Assets - 50000 | 50000 |
| 92 | 96 | സാന്ത്വന പരിചരണം എസ്സി | MO (PHC)/(MO) CHC | New | Development Fund(S.C.P) - 200000 | 200000 |
| 93 | 97 | വെറ്ററിനറി ഡിസ്പെൻസറിയുടെ ഓഫീസ് ചെലവുകൾ | VETS | New | Maintenance Fund - Non-road Assets - 75000 | 75000 |
| 94 | 98 | സ്വയം തൊഴിൽ സ്ത്രീകളുടെ ഗ്രൂപ്പ് സംരഭങ്ങൾ | As SEC (GP) | New | Development Fund(General) - 1031360 | 1031360 |
| 95 | 99 | വയോജനങ്ങൾക്ക് ജീവിതശൈലിരോഗനിർണ്ണയ ക്യാമ്പ് മരുന്ന് വിതരണം എസ്സി | MO (PHC)/(MO) CHC | New | Development Fund(S.C.P) - 200000 | 200000 |
| 96 | 100 | സ്വയം തൊഴില സത്രീകളുടെ ഗ്രൂപ്പ് സംരഭങ്ങൾ | As SEC (GP) | New | Development Fund(S.C.P) - 2000000 | 2000000 |
| 97 | 101 | വെറ്ററിനറി ഡിസ്പെൻസറിക്ക് കൺസ്യൂമബൾസ് വാങ്ങൽ | VETS | New | Maintenance Fund - Non-road Assets - 10000 | 10000 |

| | | | | | | |
|---|---|---|---|---|---|---|
| 98 | 102 | ഡിജി കേരളം 20 | As SEC (GP) | New | Own Fund - 50000 , Receipts from other LSG's (Block Panchayats) - 100000 , Receipts from other LSG's (District Panchayat) - 100000 | 250000 |
| 99 | 103 | പഞ്ചായത്ത് ഓഫീസിൽ സോളാർപാനല് | SEC (GP) | New | Own Fund - 200000 | 200000 |
| 100 | 104 | പതിനഞ്ചാം വാർഷിക പദ്ധതി രൂപീകരണം | SEC (GP) | New | Development Fund(General) - 150000 | 150000 |
| 101 | 105 | വന്യജീവി സംഘർഷം ഒഴിവാക്കൽ | SEC (GP) | New | Development Fund(General) - 100000 , Receipts from other LSG's (Block Panchayats) - 100000 , Receipts from other LSG's (District Panchayat) - 200000 | 400000 |
| 102 | 106 | വാരിയത്തുകാട് റോഡ് പുനരുദ്ധാരണം | AE(LSGD) | New | Maintenance Fund - Road Assets - 1500000 | 1500000 |
| 103 | 107 | ഓപ്പൺ ജിം | SEC (GP) | New | Own Fund - 100000 , Receipts from other LSG's (Block Panchayats) - 400000 , Receipts from other LSG's (District Panchayat) - 500000 | 1000000 |
| 104 | 108 | പാളയം ബാക്കി ഭാഗം റോഡ് പുനരുദ്ധാരണം | AE(LSGD) | New | Maintenance Fund - Road Assets - 800000 | 800000 |

| | | | | | | |
|---|---|---|---|---|---|---|
| 105 | 109 | പ്ലാക്കോണം റോഡ് പുനരുദ്ധാരണം | AE(LSGD) | New | Maintenance Fund - Road Assets - 800000 | 800000 |
| 106 | 110 | വെറ്ററിനറി സബ് സെൻ്ററർ പാലയംകാടിന് വാടക നൽകൽ | VETS | New | Maintenance Fund - Non-road Assets - 11000 | 11000 |
| 107 | 111 | കുതിര റോഡ് പുനരുദ്ധാരണം | AE(LSGD) | New | Maintenance Fund - Road Assets - 700000 | 700000 |
| 108 | 112 | അക്ഷര നഗർ ഡ്രൈനേജ് മെയിൻറനൻസ് | AE(LSGD) | New | Maintenance Fund - Road Assets - 600000 | 600000 |
| 109 | 113 | ക്ഷീരകർഷകർക്ക് ധാതു ലവണം വിരമരുന്ന് കിറ്റ് നൽകൽ | VETS | New | Development Fund(General) - 100000 | 100000 |
| 110 | 114 | ആർ കെ നഗര് റോഡ് പുനരുദ്ധാരണം | AE(LSGD) | New | Maintenance Fund - Road Assets - 500000 | 500000 |
| 111 | 115 | ശാന്തിഗിരി പാലയങ്കാട് റോഡ് പുനരുദ്ധാരണം | AE(LSGD) | New | Maintenance Fund - Road Assets - 500000 | 500000 |
| 112 | 116 | സൌപർണ്ണിക ഗാർഡന് റോഡ് പുനരുദ്ധാരണം | AE(LSGD) | New | Maintenance Fund - Road Assets - 600000 | 600000 |

| | | | | | | |
|---|---|---|---|---|---|---|
| 113 | 117 | കറവ പശുകൾക്ക് കാലിത്തീറ്റ നൽകല് | VETS | New | Development Fund(General) - 400000 , Beneficiary Contribution (Direct Expenditure) - 400000 | 800000 |
| 114 | 118 | തെരുവ് നായകൾക്ക് പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് | VETS | New | Development Fund(General) - 50000 | 50000 |
| 115 | 119 | ഊറപ്പാടം റോഡ് പുനരുദ്ധാരണം | AE(LSGD) | New | Own Fund - 500000 | 500000 |
| 116 | 120 | കല്ലംപൊറ്റ പടിഞ്ഞാറു ഭാഗം റോഡ് പുനരുദ്ധാരണം | AE(LSGD) | New | Own Fund - 500000 | 500000 |
| 117 | 121 | ആളൂർ ശിവരാമന് റോഡും വണ്ടിക്കടവ് പുഴക്കിറങ്ങുന്ന റോഡും പുനരുദ്ധാരണം | AE(LSGD) | New | Own Fund - 600000 | 600000 |
| 118 | 122 | കൈലാസ് നഗർ റോഡ് പുനരുദ്ധാരണം | AE(LSGD) | New | Own Fund - 300000 | 300000 |
| 119 | 123 | ഗംഗ നഗർ റോഡ് പുനരുദ്ധാരണം | AE(LSGD) | New | Own Fund - 500000 | 500000 |
| 120 | 124 | കൈരളി റോഡ് പുനരുദ്ധാരണം | AE(LSGD) | New | Maintenance Fund - Road Assets - 700000 | 700000 |

| | | | | | | |
|---|---|---|---|---|---|---|
| 121 | 125 | കുന്നുകാട് എസ് സി നഗർ സമഗ്രവികസനം | AE(LSGD) | New | Development Fund(S.C.P) - 700000 | 700000 |
| 122 | 126 | പ്ലാക്കാട് റോഡ് നിർമ്മാണം | AE(LSGD) | New | Development Fund(S.C.P) - 1000000 | 1000000 |
| 123 | 127 | പാലയങ്കാട് തെക്കുമുറി റോഡ് പുനരുദ്ധാരണം | AE(LSGD) | New | Development Fund(S.C.P) - 400000 | 400000 |
| 124 | 128 | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി | SUP (ICDS) | New | Development Fund(General) - 1300000 , Centrally Sponsored Scheme Fund - 1500000 | 2800000 |
| 125 | 129 | അങ്കണവാടി അനുപൂരക പോഷകപരിപാടി എസ്സിപി | SUP (ICDS) | New | Development Fund(S.C.P) - 500000 | 500000 |
| 126 | 130 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകല് | SUP (ICDS) | New | Development Fund(General) - 720000 , Receipts from other LSG's (Block Panchayats) - 360000 , Receipts from other LSG's (District Panchayat) - 120000 | 1200000 |
| 127 | 131 | ഓഫീസ് ആവശ്യങ്ങൾക്ക് തുക ചെലവഴിക്കൽ ഐ സി ഡി എസ് | SUP (ICDS) | New | Maintenance Fund - Non-road Assets - 200000 | 200000 |
| 128 | 132 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം ജനറൽ | SUP (ICDS) | New | Development Fund(General) - 300000 , Receipts from other LSG's (Block Panchayats) - 500000 | 800000 |

| | | | | | | |
|---|---|---|---|---|---|---|
| 129 | 133 | ജാഗ്രതസമിതി പ്രവർത്തനം | SUP (ICDS) | New | Development Fund(General) - 35000 | 35000 |
| 130 | 134 | കമ്മ്യൂണിറ്റി വിമൺ ഫെസിലിറ്റേറ്റർക്ക് വേതനം | SUP (ICDS) | New | Development Fund(General) - 200000 | 200000 |
| 131 | 135 | ഒ എം ജി കോളനി റോഡ് പുനരുദ്ധാരണം | AE(LSGD) | New | Own Fund - 500000 | 500000 |
| 132 | 136 | ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പും സഹായ ഉപകരണങ്ങൾ വാങ്ങി നൽകല് | SUP (ICDS) | New | Development Fund(General) - 300000 | 300000 |
| 133 | 137 | അംഗനവാടികൾക്ക് മിക്സി പാത്രങ്ങൾ വാങ്ങല് | SUP (ICDS) | New | Maintenance Fund - Non-road Assets - 300000 | 300000 |
| 134 | 138 | ഭിന്നശേഷിക്കാർക്ക് കലാകായിക മേള | SUP (ICDS) | New | Development Fund(General) - 50000 | 50000 |
| 135 | 139 | അങ്കണവാടി കലാകായികമേള | SUP (ICDS) | New | Development Fund(General) - 30000 | 30000 |
| 136 | 140 | അങ്കണവാടികൾക്ക് വാടക നൽകല് | SUP (ICDS) | New | Maintenance Fund - Non-road Assets - 60000 | 60000 |

| | | | | | | |
|---|---|---|---|---|---|---|
| 137 | 141 | അംഗനവാടികൾക്ക് സ്റ്റേഷ്നറി വാങ്ങി നൽകല് | SUP (ICDS) | New | Maintenance Fund - Non-road Assets - 150000 | 150000 |
| 138 | 142 | വയോജന ക്ലബ് ഭക്ഷണം മറ്റ് അനുബന്ധ ചെലവുകൾ | SUP (ICDS) | New | Development Fund(S.C.P) - 361600 , Receipts from other LSG's (District Panchayat) - 238400 | 600000 |
| 139 | 143 | താണിക്കുളം തിരുവാലത്തൂർ പടിഞ്ഞാറെ നട കുളം സംരക്ഷണം | AE(LSGD) | New | Development Fund(General) - 200000 , Receipts from other LSG's (Block Panchayats) - 300000 , Receipts from other LSG's (District Panchayat) - 500000 | 1000000 |
| 140 | 144 | ടൂറിസം ഡിസ്റ്റനേഷൻ ബ്രിട്ടീഷ് പാലം പരിസരം- ഉദ്യാനവത്കരണം | SEC (GP) | New | Development Fund(General) - 100000 , Receipts from other LSG's (Block Panchayats) - 100000 , Receipts from other LSG's (District Panchayat) - 200000 | 400000 |
| 141 | 145 | വിവിധ അംഗൻവാടികളുടെ നവീകരണ പ്രവർത്തനം | AE(LSGD) | New | Development Fund(General) - 561080 , Receipts from other LSG's (Block Panchayats) - 250000 , Receipts from other LSG's (District Panchayat) - 250000 | 1061080 |
| 142 | 146 | പഞ്ചായത്ത് കളിസ്ഥലം ഒരുക്കൽ | SEC (GP) | New | Own Fund - 100000 , Receipts from other LSG's (Block Panchayats) - 400000 , Receipts from other LSG's (District Panchayat) - 500000 | 1000000 |
| 143 | 147 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് കെ എസ് ഇ ബി ലേക്ക് ഡെപ്പോസിറ്റ് ചെയ്യുന്ന പ്രവർത്തി | SEC (GP) | New | Development Fund(General) - 365000 | 365000 |

| | | | | | | |
|---|---|---|---|---|---|---|
| 144 | 148 | ശ്രുതിതരംഗം | SUP (ICDS) | New | Development Fund(General) - 50000 | 50000 |
| 145 | 149 | പൊതുകിണറുകളുടെ നവീകരണം | AE(LSGD) | New | Development Fund(General) - 200000 , Receipts from other LSG's (Block Panchayats) - 300000 , Receipts from other LSG's (District Panchayat) - 500000 | 1000000 |
| 146 | 150 | പാലിയംപടി പാലം പുതുക്കിപ്പണിയൽ | AE(LSGD) | New | Maintenance Fund - Road Assets - 2156000 | 2156000 |
| 147 | 151 | ആറ്റിങ്ങൽ - ജലസേചന കനാൽ പുനരുദ്ധാരണം | AE(LSGD) | New | Development Fund(General) - 438480 , Receipts from other LSG's (Block Panchayats) - 300000 , Receipts from other LSG's (District Panchayat) - 500000 | 1238480 |
| 148 | 153 | വിൻറർ ഗ്രീന് കോളനി റോഡ് വഴിയൊരുക്കല് | SEC (GP) | New | Own Fund - 1360000 | 1360000 |
| | | | | | ആകെ | 132865735 |

# അദ്ധ്യായം-7

# പ്രത്യേക പദ്ധതികൾ/പരിപാടികൾ

പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനു വേണ്ടി കൊടുമ്പ് ഗ്രാമപഞ്ചായത്ത്, സാമ്പത്തിക വികസനം, പഞ്ചായത്തല സൗകര്യ വികസനം, സാമൂഹ്യ വികസനം എന്നീ മൂന്നു വിഭാഗങ്ങളില് ഈ വിഭാഗക്കാരെ ഉൾപ്പെടുത്തി പദ്ധതി പ്രവർത്തനങ്ങള് കാഴ്ചവച്ചിട്ടുണ്ട്. ഇതിൽ സ്വന്തമായി സ്ഥലവും, വീടും ഇല്ലാത്തവരായ ആവശ്യക്കാരെ മുൻഗണനാ ക്രമത്തില് തിരഞ്ഞെടുത്ത്അവർക്ക് പഞ്ചായത്തിൻറെയും, ബ്ലോക്കിൻറെയും, ജില്ലാ പഞ്ചായത്തിൻറെയും, പട്ടകജാതി വികസന വകുപ്പിൻറെയും സംയോജിത ഇടപെടലുകളിലൂടെ സ്ഥലവും, വീടും നൽകുവാന് കഴിഞ്ഞു എന്നത് പ്രശംസനീയമാണ്. പട്ടികജാതി കുടുംബാംഗങ്ങൾക്ക് മേൽക്കൂര പുനരുദ്ധാരണം, ഭവന നിർമ്മാണം, ശുചിത്വ മേഖലയിലെ കക്കൂസ് നിർമ്മാണം എന്നിങ്ങനെ അവരുടെ സാമൂഹ്യപരമായ വികസനത്തിന് വേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന പല പദ്ധതികളും മികച്ച രീതിയിൽ തന്നെ ഫലവത്താക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

അതുപോലെ തന്നെ സ്വയംതൊഴിൽ മേഖലയില് ഇവർക്ക് പഞ്ചായത്തില് നിന്നും, കുടുംബശ്രീ മുഖേനയും, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചാത്ത് മുഖേനയും മികച്ച സംരംഭങ്ങള് തുടങ്ങുവാനായത് വളരെ ആശംസാവഹമാണ്. ഇതിലൂടെ ഇ വിഭാഗ്കാരുടെ സാമൂഹ്യപരമായ ഒറ്റപ്പെടലുകൾക്ക് വിരാമമിടുവാൻ സാധിച്ചിട്ടുണ്ട്. വിവിധ സംരംഭങ്ങൾ തുടങ്ങിയതു വഴി മെച്ചപ്പെട്ട ഒരു സമൂഹത്തെ ചിട്ടപ്പെടുത്തി എടുക്കുവാൻ സാധിച്ചിട്ടുണ്ട്. പട്ടികജാതി കുടുംബങ്ങളിലെ സ്ത്രീകൾക്കും മറ്റും അവരുടെ ദൈനംദിന ചിലവുകൾ പരസഹായം കൂടാതെ നടത്തിക്കൊണ്ട് പോകുവാന് ഈ പ്രവർത്തനങ്ങൾക്ക് വഴിയൊരുക്കിയിട്ടുണ്ട്.

വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥയിലായിരുന്ന ഈ സമൂഹങ്ങളുടെ കാഴ്ചപ്പാടിനെ തന്നെ മാറ്റിമറിക്കുവാന് ഈ രംഗത്തെ ഇതുവരെയുള്ള സമീപനത്തിന് കഴിഞ്ഞിട്ടുണ്ട്. സമ്പൂർണ്ണ സാക്ഷരത ലക്ഷ്യമാക്കി പഞ്ചായത്തും, സാക്ഷരതമിഷനും സംയോജിതമായി ഇടപെട്ടതുമൂലം വിരൽ പതിക്കല് പൂർണ്ണമായും ഒഴിവാക്കുവാനും തൂലിക കയ്യിലേന്തുവാന് ശീലിപ്പിച്ച് കൊടുമ്പ് ഗ്രാമപഞ്ചായത്ത് വളരെയയധികം മുൻകയ്യെടുത്ത് വിജയം കൈവരിച്ച പദ്ധതിയാണ് അതുല്യം പദ്ധതി. ഇതിലൂടെ അനേകർക്ക് 8,10-ാ‍ാം തരത്തിലുള്ള തുല്യത പരീക്ഷ എഴുതുവാൻ സാധിച്ചിട്ടുണ്ട്. ഇത് വിദ്യാഭ്യാസം തങ്ങളുടെ കയ്യെത്തും ദൂരത്താണെന്ന ബോധം എല്ലാവരിലും വളർത്തിയെടുക്കുവാന് സാധിച്ചു. തങ്ങളുടെ കാരണം കൊണ്ടല്ലാതെ വിദ്യാഭ്യാസത്തിൽ നല് നിലവാരത്തില് എത്തുവാന് കഴിയാത്തവർക്ക് പ്രായഭേദമന്യേ എത്തിപ്പിടിക്കുവാൻ കഴിയുന്നു എന്നതും വളരെയധികം പ്രശംസനീയമാണ്. ഒന്നുമല്ലെങ്കിലും സ്വന്തം പേരെഴുതുവാനെങ്കിലും പ്രായമായ അമ്മമാരെ ഒരുക്കിയെടുക്കുവാൻ സാധിച്ചു. കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനും ഉന്നതനിലവാരത്തലുള്ള വിദ്യാഭ്യാസത്തിനും വേണ്ടി കഠിനപ്രയത്നം തന്നെ നടത്തിയിട്ടുണ്ട്.ഇതുമൂലം ഇവരുടെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം സാമൂഹിക വികസനത്തിന് ഒരു ഏണിപ്പടിയായി തീർന്നിരിക്കുന്നു.

അതുപോലെതന്നെ പട്ടികജാതി കോളനികളിലും, വ്യക്തികളിലും ഇവരുടെ സങ്കേതങ്ങളിലേക്ക് അനുയോജ്യമായ രീതിയിൽ കുടിവെള്ളപദ്ധതി വഴിപൈപ്പ് ലൈന് നീട്ടല് മികച്ച ജലസേചന സൗകര്യം, വൈദ്യുതി ലഭ്യത എന്നിവയ്ക്ക് മുൻഗണന നൽകുവാന് സാധിച്ചിട്ടുണ്ട്. പട്ടികജാതി കോളനികളിലേക്കുള്ള റോഡ് നവീകരണം മെറ്റലിംഗ്, ടാറിംഗ് മുതലായ പ്രവർത്തികള് സമയോചിതമായി നടത്തി വരുന്ന ഒരു കാര്യമാണ്.

എല്ലാ വികസന കാര്യങ്ങളിലും സമയോചിതമായ ഇടപെടലുകൾ നടക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ എല്ലാ അർഹരായവരിലും എത്തിപ്പെടുന്നില്ല എന്ന വസ്തുത വളരെ ആശങ്കാജനകമാണ്. ആയതിനാൽ ഈ വസ്തുത മുമ്പിൽകണ്ട് വരുംകാരങ്ങളിലെ പദ്ധതി നടത്തിപ്പുകള് സുതാര്യവും, സൂക്ഷ്മവും ആയിരിക്കേണ്ടതുണ്ടെന്ന് പഞ്ചായത്തിന് നിർബന്ധമുണ്ട്. പല പദ്ധതികൾക്കും ലക്ഷ്യപ്രാപ്തിയിൽ എത്തുവാന് കഴിഞ്ഞിട്ടില്ല എന്നതും അംഗീകരിക്കപ്പേടേണ്ട വസ്തുതയാണ്. ഇവ കണ്ടെത്തി ഒരു സമൂഹത്തിൻറെയും, കുടുംബത്തിൻറെയും, വ്യക്തിയുടെയും ആവശ്യങ്ങൾ മുൻനിർത്തി

വ്യക്തമായ ആസൂത്രണത്തോട് കൂടി പദ്ധതി രൂപീകരിക്കുവാനും അവ സമൂഹത്തിനും പഞ്ചായത്തിനും മാത്രമല്ലാതെ എല്ലായിടത്തും എല്ലാ മേഖലകളിലും വ്യാപിപ്പിക്കുന്ന മാതൃകാപരമായ ഒരു സമഗ്ര പരിപാടിയായി മാറ്റിയെടുക്കുന്നതിനും ശ്രമിക്കുന്നതാണ്.

## ദാരിദ്ര നിർമ്മാർജ്ജന ഉപ പദ്ധതി

കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്ന കുടുംബങ്ങളിലെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് ജനകീയാസൂത്രണത്തിൻറെ പ്രാരംഭഘട്ടം മുതല് തന്നെ ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതം ഉപയോഗിച്ചും ഇതര വകുപ്പുകളുടെ സഹായത്തോടും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നിർവ്വഹിച്ചുവരുന്നുണ്ട്. സ്വയംതൊഴിൽ മേഖലയിലും, ഭവനനിർമ്മാണം, ഭരണ നവീകരണം, കക്കൂസ് നിർമ്മാണം ആശ്രയ തുടങ്ങിയല ഖേലയിലെല്ലാം പഞ്ചായത്തിന് ഒരു പരിധിവരെ നേട്ടങ്ങൾ കൈവരിക്കാന് സാധിച്ചിട്ടുണ്ട്.

സ്വയം തൊഴിൽ മേഖലയില് കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും, സ്വയം സഹായസംഘങ്ങൾക്കും പഞ്ചായത്ത് പദ്ധതി വിഹിതം, ടഏടഥകുടുംബശ്രീമിഷൻ ഫണ്ട്, ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് വിഹിതം, എസ്.സി.വകുപ്പ് വിഹിതം തുടങ്ങിയ ധനസഹായം ഉപയോഗിച്ച് സംരംഭങ്ങള് ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇതിലൂടെ ദാരിദ്ര്യം ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചതോടുകൂടി ദാരിദ്ര്യനിർമ്മാർജന പ്രവർത്തനങ്ങൾക്ക്വേഗത കൂട്ടാൻ സാധ്യമായിട്ടുണ്ട്. ഇതിനു പുറമെ പട്ടികജാതിക്കാർക്കും, വികലാംഗർക്കും സംരംഭങ്ങള് ആരംഭിക്കുന്നതിനും ധനസഹായം നൽകിയിട്ടുണ്ട്.

സംരംഭങ്ങൾ തെരഞ്ഞെടുക്കുന്നതിൻറെ അപാകതയും പദ്ധതികള് ബാങ്ക് ലോണ് ആയതിനാൽ ബാങ്കിൻറെ പലിശയും വിപണന പോരായ്മയും തുടങ്ങിയ പദ്ധതികൾക്ക് പ്രതീക്ഷിച്ച ഫലം കൈവരിക്കാൻ വിഘാതമായിട്ടുണ്ട്. വരും വർഷങ്ങളില് കുടുംബശ്രീ അയൽക്കൂട്ടങ്ങള് എ.ഡി.എസ്., സി.ഡി.എസ്., എസ്.എച്ച്.ജി. എന്നിവരുടെ പ്രവർത്തനം കാര്യക്ഷമമാക്കി ആസൂത്രണം അയൽക്കൂട്ട തലത്തിൽ നിന്ന് തുടങ്ങി. ചഞഘങ, ങഏചഞഏട എന്നീ പദ്ധദതികളുമായി ബന്ധപ്പെടുത്തി സ്വയംതൊഴിൽ മേഖലയിലൂടെ കൊടുമ്പ് ഗ്രാമപഞ്ചായത്തില് നിന്നും ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ ശ്രമിക്കുന്നതാണ്.

# വൃദ്ധർ, വികലാംഗര്, വനിത, ശിശുവികസനം എന്നിവർക്കുള്ള ഉപപദ്ധതികള്

കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ വനിതാ ശിശുവികസന മേഖലയില് ഉൾപ്പെടുത്തി അഗൻവാടികള് വഴി താഴെപ്പറയുന്ന ഗുണഭോക്താക്കള് പോഷകാഹാര വിതരണം നടത്തിവരുന്നു.

| വിഭാഗം | പട്ടികജാതി | മറ്റുള്ളവർ |
|---|---|---|
| 6 മാസം മുതല് 3 വയസ്സുവരെ | 135 | 308 |
| 3 വയസ്സ് മുതല് 6 വയസ്സുവരെ | 105 | 156 |
| ഗർഭിണികള് | 20 | 66 |
| പാലൂട്ടുന്ന അമ്മമാർ | 23 | 47 |
| കൗമാര പ്രായക്കാർ | 201 | 361 |

കൂടാതെ 60നും 80നും ഇടയിൽ പ്രായമുള്ള 632 വൃദ്ധജനങ്ങളും 80 വയസ്സിനു മുകളില് 49 പേരും ഉൾപ്പെടുന്നു. 2011-12ൽ19വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

1.അംഗൻവാടി പോഷകാഹാരം:-അംഗൻവാടികള് വഴിമാസത്തില് 25 ഫീഡിംഗ് ദിവസങ്ങള് എന്ന് കണക്കാക്കി കൃത്യമായി പോഷകാഹാരം വിതരണം നടത്തി വരുന്നു.
2.സബല:- കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാര കിറ്റുകള് എല്ലാ മാസവും നല്കുന്നു.
3.അംഗൻവാടി പ്രവർത്തകൾക്ക് അധിക ഹോണറേറിയം എല്ലാ മാസവും നല്കുന്നു.
4.അംഗൻവാടികൾക്ക് ഫർണീച്ചര്
5.സബല കൺസിലിറ്റി:- വാർഡുകള് കേന്ദ്രീകരിച്ച് കൗമാരക്കാരായ പെൺകുട്ടികളുടെ ബ്ലഡ്ഗ്രൂപ്പ് നിർണ്ണയവും, ഹീമോഗ്ലോബിൻ പരിശോധനയും നടത്തി.

സ്വന്തമായി വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങൾക്ക് പഞ്ചായത്ത് പദ്ധതി വിഹിതം, ഐ.എ.വൈ.ഇ.എം.എസ്. ഭവന നിർമ്മാണം, ജില്ലാ പഞ്ചായത്ത് ഭവന നിർമ്മാണം, പട്ടികജാതി വികസന വകുപ്പ് ഭവന നിർമ്മാണം തുടങ്ങിയ പദ്ധതികള് ഉപയോഗിച്ച് ധനസഹായം നൽകാന് കഴിഞ്ഞിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരിഭാഗം കുടുംബങ്ങൾക്കും, ഭവനനിർമ്മാണത്തില് പൂർണ്ണത കൈവരിക്കാന് സാധിച്ചിട്ടുണ്ട് ഭരണ നവീകരണത്തിനും ഭവന നിർമ്മാണത്തിനും സ്ഥലം വാങ്ങാൻ പദ്ധതിയിലും ധനസഹായം നൽകി ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടാൻ കഴിഞ്ഞിട്ടുണ്ട്

വരുന്ന വർഷങ്ങളില് പി.എം.വൈ ഭവന നിർമ്മാണം, ലൈഫ് ഭവന പദ്ധതി പഞ്ചായത്ത് പദ്ധതി വിഹിതം എന്നിവ ഉപയോഗിച്ച് സമ്പൂർണ്ണ ഭവന നിർമ്മാണം നടപ്പിലാക്കാന് ശ്രമിക്കുന്നതാണ്. സ്ഥലം ലഭ്യമല്ലാത്ത കുടുംബങ്ങൾക്ക് സർക്കാരിൻറെ സഹായത്തോടെ ഫ്ളാറ്റ് സമുച്ചയം നിർമ്മിച്ച് നൽകാന് ശ്രമിക്കുന്നതാണ്.

# കൊടുമ്പ് ഗ്രാമപഞ്ചായത്ത്

പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ടി.എസ്.സി.പദ്ധതി വിഹിതം തുടങ്ങിയവ ഉപയോഗിച്ച് കക്കൂസ് നിർമ്മിക്കാന് ധനസഹായം നൽകിയിട്ടുണ്ട് കൊടുമ്പ് ഗ്രാപഞ്ചായത്ത് നിർമ്മിക്കല് ഗ്രാമപുരസ്കാരം നേടിയിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന വീടുകൾക്കും ജീർണ്ണിച്ച് നശിച്ച കക്കൂസുകൾക്കും ടി.എസ്.സി.പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ധനസഹായം നൽകുവാന് ശ്രമിക്കുന്നതാണ്.

ആശ്രയ അഗതി പുനരധിവാസ പദ്ധതിയിൽ നിലവില് 47 കുടുംബാംഗങ്ങളാണുള്ളത്. പഞ്ചായത്ത് പദ്ധതി വിഹിതം, അഗതി പുനരധിവാസം എന്നിവ ഉപയോഗിച്ച് ഭവനം, ഭവന റിപ്പയർ, ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങല്, ചികിത്സ, ഭക്ഷണം തുടങ്ങിയ കാര്യങ്ങൾക്ക് ധനസഹായം നൽകാന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ കൊടുമ്പ് ഗ്രാമപഞ്ചായത്തില് കുറച്ച് അഗതി, കുടുംബങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. ഇവരെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ആശ്രയ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

വ്യക്തമായ ആസൂത്രണത്തിലൂടെയും നിർവ്വഹണത്തിലൂടെയും കൊടുമ്പ് ഗ്രാമപഞ്ചായത്തില് വരുന്ന വർഷങ്ങളില് ദാരിദ്ര്യ നിർമ്മാർജ്ജനം കൈവരിക്കുന്നതാണ്.

പെണ്ണാട്, കറവപശുവിതരണം,കോഴി,കാട,താറാവ്, വളർത്തുപക്ഷികള് എന്നീ പ്രോജക്ടുകള് ദാരിദ്ര്യ നിർമ്മാർജ്ജന പ്രോജക്ടുകളായാണ് നിർവ്വഹണത്തിന് തയ്യാറാക്കിയിട്ടുള്ളത്.

## അദ്ധ്യായം-8

# വായ്പബന്ധങ്ങളും വികസന സാധ്യതകളും

വികസന പദ്ധതികൾക്കുള്ള ലൈഫ് ഭവന പദ്ധതി വിഹിതം അപര്യാപ്തമായതിനാല് പദ്ധതി നിർവ്വഹണത്തിന് വേറെയും ധനമാർഗ്ഗങ്ങള് അവലംബിക്കേണ്ടിവരുന്നു. ഗ്രാമപഞ്ചായത്തുകളിൽ ഗഭോക്തൃ വിഹിതം, സന്നദ്ധസേവനം/സംഭാവന എന്നിവ ധനമാർഗ്ഗങ്ങളായി ഉപയോഗപ്പെടുത്തിവരുന്നു. ബാങ്ക് വായ്പ വഴിയും തുക കണ്ടെത്താവുന്നതാണ്. നിലവിലുള്ള വിഭവസ്രോതസ്സുകൾ വർദ്ധിപ്പിക്കുന്നതിനും പുതിയവ കണ്ടെത്തുന്നതിനും നിലവിലുള്ളവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ടാ എന്ന് വിലയിരുത്തപ്പെടേണ്ടതാണ്. പുതിയ വരുമാന സ്രോതസ്സുകളെ സംബന്ധിച്ചുള്ള ആലോചനകൾ നന്നുവരുന്നു. സ്വയംതൊഴിൽ സംരംഭങ്ങള് ബാങ്ക് വായ്പ മുഖേന നടപ്പിലാക്കിവരുന്നു. കുടുംബശ്രീ വഴി വിവിധ വായ്പ പദ്ധതികൾ ഇപ്പോള് നിലവിലുണ്ട് കാർഷിക മേഖലയിലെ വിവിധ പദ്ധതികള് ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്.

പ്രാദേശിക വികസനം സാധ്യമാക്കുന്നതിലും വായ്പ ബന്ധങ്ങൾ വികസനപൂരിതമാണെന്ന യാഥാർത്ഥ്യം തിരിച്ചറിയാനും അതുവഴി പഞ്ചായത്തിൻറേ പ്രവർത്തന മേഖല വിപുലീകരിക്കാനും ലക്ഷ്യമിടുന്നു. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഊന്നല് കൊടുക്കേണ്ടതുണ്ട്. കൂടാതെ വികസന പ്രവർത്തനങ്ങൾക്ക് പണം സ്വരൂപിക്കാന് സർക്കാര് അംഗീകൃത മാനദണ്ഡങ്ങൾക്ക് വിധേയമായി വായ്പകൾ സ്വീകരിക്കാവുന്നതാണ്. മാർക്കറ്റ്, വ്യാപാരസമുച്ചയം, കല്ല്യാണ മണ്ഡപം എന്നിവക്കെല്ലാം ഇതുവഴി ധനസ്രോതസ്സ് കണ്ടെത്താവുന്നതാണ്. അയൽക്കൂട്ടങ്ങളുടെ തൊഴില് സംരംഭങ്ങൾക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ദേശസാൽകൃത ബാങ്കുകളോടൊപ്പം സഹകരണ മേഖലയെക്കൂടി ബന്ധിപ്പിക്കാൻ ശ്രമം നടത്തേണ്ടതുണ്ട്. ഇ.എം.എസ്. ഭവന പദ്ധതിക്കായി എടുത്ത വായ്പയുടെ മുഴുവന് ഗഡുക്കളും തിരിച്ചടയ്ക്കുന്നതിന് സാധ്യമായിട്ടുണ്ട്

എല്ലാവർക്കും ഭവനം ലഭ്യമാക്കി പ്രവർത്തിക്കുന്ന ലൈഫ് മിഷന് പദ്ധതിയുടെ നടത്തിപ്പിനായി വരുന്ന ചെലവ് ഹഡ്കോയിൽ നിന്ന് വായ്പ എടുക്കുവാന് ഭരണസമിതി യോഗം തീരുമാനിക്കുകയും ഹഡ്കോയുമായി പഞ്ചായത്ത് എഗ്രിമെൻറ് ചമക്കുകയും ചെയ്തിട്ടുണ്ട്.

# അദ്ധ്യായം-9

# സമഗ്ര പരിപാടികളും സംയോജന സാദ്ധ്യതകളും

സമഗ്ര വികസനത്തിലൂടെ 4 മിഷനുകൾക്കും മുന്തിയപരിഗണന നൽകിക്കൊണ്ടാണ് രൂപം നൽകിയിട്ടുള്ളത്.

## പൊതു വിദ്യാഭ്യാസം

പ്രീസ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്കരിക്കും. പ്രീസ്കൂൾ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രവർത്തനം ശാസ്ത്രീയമായി ഏകോപിപ്പിക്കും. ഓരോ ക്ലാസ്സുകളിലെയും കുട്ടികൾക്ക് നല്ല നിലവാരമുള്ള കഴിവുകൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തും.സ്കൂൾ വായനശാലകൾക്ക് മുന്തിയ പരിഗണന നൽകും. വിദ്യാർത്ഥികളുടെ സർഗ്ഗപരമായ കഴിവുകള് വികസിപ്പിക്കുന്നതിനാവശ്യമായ സന്ദർഭങ്ങള് ഒരുക്കും. പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠന പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ വിശകലനം ചെയ്ത് ഇടപെടുന്നതിന് അധ്യാപകരെ പ്രാപ്തരാക്കും. കായിക ക്ഷമത ഉറപ്പാക്കുന്നതിന് സമഗ്ര പരിപാടി നടപ്പിലാക്കും. ലഹരി വിരുദ്ധ മനോഭാവം വളർത്തിയെടുക്കും. ക്ലാസ് മുറികൾ സ്മാർട്ട്ും ആകുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. ഗ്കൂളുകളിൽ സമഗ്ര വിദ്യാലയ വികസന രൂപരേഖ തയ്യാറാക്കും.

## ഹരിത കേരളം

ഹരിത കേരളം മിഷൻറെ ഭാഗമായി പൊതുകിണറുകള് വൃത്തിയാക്കി അടുത്ത ഴെ സമയങ്ങളില് ഫലപ്രദമായ ജലസംഭരണികളാക്കി പ്രവർത്തനക്ഷമമാക്കുന്ന പ്രവൃത്തികൾക്ക് മുൻതൂക്കം നൽകും. മഴവെള്ളം മണ്ണിലേയ്ക്ക് ഇറങ്ങുന്നതിനും ജല ലഭ്യതകൾ വർദ്ധിപ്പിക്കുന്നതിനും വേണ്ട പ്രവൃത്തികള് നടപ്പാക്കുന്നതാണ്. പരിസരശുചിത്വം, മാലിന്യ സംസ്കരണം എന്നിവ ലക്ഷ്യമാക്കിയിട്ടുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകും. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പച്ചക്കറിമേഖലയില് സ്വയം പര്യാപ്തത കൈവരിക്കുന്നതിനും പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനും ഊന്നല് നല്കുന്നതാണ്. അയൽകൂട്ടങ്ങളുടെ കുടുംബശ്രീ സംഘാടകരുടെയും നേതൃത്വത്തില് അതാതിടത്തെ എല്ലാ വിഭാഗം ആൾക്കാരെയും പ്രവർത്തനത്തില് പങ്കാളികളാക്കുന്നതിനും ഹരിത കേരളം മിഷൻറെ ലക്ഷ്യം ഓരോ ആൾക്കാരെയും പ്രവർത്തനത്തില് പങ്കാളികളാക്കുന്നതിനും ഹരിത കേളം മിഷൻറെ ലക്ഷ്യം ഓരോ വീട്ടുകാരെയും ബോധ്യപ്പെട്ടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും. ചെക്ക്ഡാം സംരക്ഷണ പ്രവർത്തിയുടെ കൊടുമ്പ് പഞ്ചായത്തിലും സമീപ പ്രദേശങ്ങൾക്കും സുലഭമാക്കി കുടിവെള്ളം ശേഖരിക്കാനും അതിലൂടെ ഏകദേശം 11600 തൊഴില് സൃഷ്ടിക്കുവാനും സാധിച്ചു. കനാലുകൾ വൃത്തിയാക്കിയതിലൂടെ പാടശേഖരങ്ങളിലേക്കും വെള്ളം എത്തിക്കുന്നതിനും സൗകര്യപ്രദമായി.

**ആർദ്രം**

സർക്കാര് ആശുപത്രികളെ ആശ്രയിക്കുന്ന രോഗികൾക്ക് ബുദ്ധിമുട്ടുകള് ഇല്ലാതെയാക്കുന്നതിനു വേണ്ടനടപടികൾ സ്വീകരിക്കും. ആയതിനു വേണ്ടിവരുന്ന അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി പദ്ധതി രൂപീകരിക്കും.

**ലൈഫ് മിഷൻ**

അടുത്ത 5 വർഷംകൊണ്ട് ഭവനവും ഭൂമിയും ഇല്ലാത്ത എല്ലാവർക്കും സുരക്ഷിതത്വമുള്ള ഭവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.വീടില്ലാത്തവർക്കും പണി പൂർത്തിയാക്കാത്ത വീടുകളുടെയും ഭൂമിയും വീടും ഇല്ലാത്തവരുടെയും സർവ്വേ നടത്തി കണക്ക് ശേഖരിക്കുന്നതിനും മുൻഗണന പട്ടിക അനുസരിച്ചും മാനദണ്ഡങ്ങൾക്കനുസരിച്ചും അർഹതപ്പെട്ടവർക്ക് ധനസഹായം നൽകുന്നതിനും വേണ്ട പദ്ധതി രൂപീകരിക്കും.

## അദ്ധ്യായം-10

## മോണിറ്ററിംഗ് സംവിധാനങ്ങൾ

പദ്ധതികളുടെ സുതാര്യത, ലക്ഷ്യപ്രാപ്തി എന്നിവ വിലയിരുത്തേണ്ടതുണ്ട്. അതിനായി നിയതമായ ഒരു സംവിധാനം ഉണ്ടാവണം. സമയബന്ധിതമായി നിർവ്വഹണവും ഗുണമേന്മ ഉറപ്പാക്കലും, പദ്ധതികൾ നിബന്ധനകള് പ്രകാരമാണോ നടപ്പിലാക്കിവരുന്നത് എന്നും മോണിറ്ററിംഗ് നടത്തേണ്ടതാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് രൂപീകരിച്ച പ്രവർത്തക സമിതികള് തന്നെയാണ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ചുവരുന്നത്. പൊതുമരാമത്ത് പണികൾ, ഗുണഭോക്തൃ സമിതി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾ, പട്ടിക വിഭാഗക്കാർക്കുള്ള വികസന പ്രവർത്തനങ്ങള് എന്നിവ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണോ ലഭ്യമായിരിക്കുന്നത് എന്നും അതിൻറെ ഗുണ ഫലം അനുഭവിക്കാന് കഴിഞ്ഞിട്ടുണ്ടോ എന്നതും പരിശോധികപ്പെടേണ്ടതുണ്ട്.

ഔപചാരികമായും അനൗപചാരികമായും ജനകീയവും സുതാര്യവുമായ മോണിറ്ററിംഗ് നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രമിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളെ മോണിറ്റിംഗ് സംവിധാനമാക്കി മാറ്റുന്നതോടൊപ്പം സ്റ്റാൻറിംഗ് കമ്മിറ്റി തലത്തില് ബന്ധപ്പെട്ട പ്രൊജക്റ്റുകൾക്ക് മോണിറ്ററിംഗ് സംവിധാനവും ഉറപ്പാക്കണം. കൂടാതെ ഗ്രമസഭകൾ, വികസന സെമിനാറുകള് എന്നിവയും സാമൂഹ്യ ഓഡിറ്ററിങ്ങിന് ഉപയോഗിക്കാവുന്ന വേദികളാണ്. ഗ്രാമപഞ്ചായത്ത് പ്രവർത്തനങ്ങള് സംബന്ധിച്ച് ജനങ്ങൾക്ക് വിശ്വാസം വർദ്ധിപ്പിക്കാന് ചിട്ടയാർന്നതും സുതാര്യവുമായ മോണിറ്ററിംഗ് സംവിധാനം വഴി കഴിയുന്നതാണ്. മോണിറ്ററിംഗ് സമിതി റിപ്പോർട്ടുകള് സോഷ്യല് ഓഡിറ്റിങ്ങ് നടത്തുന്ന രീതി ആരംഭിക്കാൻ ഈ പദ്ധതി മുതല് ശ്രമം നടത്തുന്നതാണ്. അംഗൻവാടിയിലൂടെ നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങള് വിലയിരുത്താന്, പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടുണ്ട്.


നന്ദി